## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **07-10-2024 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രോജക്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെയും അവശേഷിക്കുന്ന പ്രവൃത്തികളുടെയും വിശദവിവരം അറിയിക്കുമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവ് **Go(Rt) No.1247/2018/H&FWD dtd 16.04.2018** മുഖേന **717.29** കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർവഹണ ഏജൻസി ആയി ഇങ്കൽ(INKEL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട് .<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം, രോഗീപരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട് 3 ഘട്ടങ്ങളായാണ് മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നത്. ടി പ്രവൃത്തികൾക്ക് ചുവടെ ചേർക്കും പ്രകാരം സാമ്പത്തിക അനുമതിയും ലഭ്യമായിട്ടുണ്ട്<br><br>Phase 1 (External works+MLCP ) :- Rs.58.37Cr.<br><br>Phase 2 (MLT, SAT, OT) =Rs, 194.33 Cr<br><br>Strengthening of Imageology Dept. :- Rs.43.75 Cr<br><br>CCTV =Rs.14.15 Cr<br><br>Cable Shifting=Rs.0.50 Cr.<br><br>Augmentation of water supply (KWA)=Rs.1.38 Cr.<br><br>RMU & Transformer Shifting :- Rs.1.44 Cr<br><br>ആയതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകൾ, എലിവേറ്റഡ് കോറിഡോർ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിയിൽ എം എൽ റ്റി ബ്ലോക്ക്, ഓ റ്റി ബ്ലോക്ക്, എസ് എ റ്റി ബ്ലോക്ക്, Strengthening of Imagiology, CC TV/Camera Surveillance system, MLCP, Nuclear Medicine വിഭാഗത്തിന്റെ ശക്തിപ്പെടുത്തൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.<br><br>രണ്ടാം ഘട്ട നിർമാണ പ്രവൃത്തിയിൽ ഉൾപ്പെട്ട എം എൽ റ്റി ബ്ലോക്കിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.<br><br>Strengthening of Imagiology എന്ന പ്രവൃത്തി വേഗത്തിൽ പുരോഗമിക്കുന്നു. ഈ വിഭാഗത്തിൽ സ്ഥാപിക്കേണ്ട എം ആർ ഐ, സി റ്റി, USS Machine, DR unit ഉടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന തിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ടി പ്രവൃത്തികൾ 2 മാസ ത്തിനകം പൂർത്തിയാകും.<br><br>CC T V/Camera Surveillance system, Control room സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി ഉടൻ പ്രവൃത്തി നടപ്പിലാക്കാൻ കഴിയും.<br><br>ഒ റ്റി ബ്ലോക്ക് എസ് എ റ്റി ബ്ലോക്ക്, മൾട്ടി ലെവൽ കാർ പാർക്കിംഗ് സിസ്റ്റം എന്നിവയുടെ നിർമ്മാണത്തിനുള്ള സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.<br><br>മൂന്നാം ഘട്ട നിർമാണ പ്രവൃത്തികളിൽ അക്കാദമിക്ക് ബ്ലോക്ക് നിർമാണം, **Residential** സൗകര്യങ്ങളുടെ നിർമാണം എന്നിവ ഉൾപ്പെടുന്നു |
| (ബി) | ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് അനുവദിച്ച കാലവധിയും പൂർത്തിയാക്കാനെടുത്ത കാലാവധിയും എത്രയാണെന്ന് അറിയിക്കുമോ; അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | **1. External roads, elevated corridor**<br><br>പൂർത്തീകരിക്കുന്നതിന് അനുവദിച്ച കാലാവധി **: 450** ദിവസം<br><br>പൂർത്തിയാക്കാനെടുത്ത കാലാവധി **: 1183** ദിവസം<br><br>**2. Strengthening of Imageology** 2 മാസത്തിനകം പൂർത്തിയാകും<br><br>**3. MLT block**<br><br>പൂർത്തീകരിക്കുവാനനുവദിച്ച കാലാവധി - 1 വർഷം<br><br>2024 വർഷാവസാനത്തോടെ പൂർത്തീകരി ക്കാൻ കഴിയും |

| | | | |
|---|---|---|---|
| | | | **4. SAT, OT** ബ്ലോക്കുകളുടെ നിർമാണ ത്തിനുള്ള സാമ്പത്തിക അനുമതിയ്ക്കുള്ള പ്രൊപോസൽ കിഫ്ബിയിൽ സമർപ്പി ച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും.<br><br>**5. CCTV/Camera Surveillance -**<br><br>CCTV /Camera Surveillance system സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക അനുമതി ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>**6. MLCP -**<br><br>പുതുക്കിയ സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ച 63 കോടി രൂപയുടെ റിവൈസ്ഡ് പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>**7. Cable Shifting :**<br><br>പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ട ത്തിൽ നടന്നു വരുന്ന പ്രസ്തുത പ്രവൃത്തിയുടെ 95% പൂർത്തിയായിട്ടുണ്ട്.<br><br>**8. Augmentation of water supply (KWA):**<br><br>കേരള വാട്ടർ അതോറിറ്റിയുടെ മേൽ നോട്ടത്തിൽ 85% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**9. RMU & Transformer Shifting :**<br><br>ഈ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഇ ബി ടെൻഡർ ചെയ്തിട്ടുണ്ട് |
| (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് എയിംസ് മോഡലിലാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിക്ക് **2016-17** സാമ്പത്തിക വർഷത്തെ ബജറ്റിൽ സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നു. എന്നാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായും മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയും സർക്കാർ ഉത്തരവ് **GO(Rt)No. 1247/ 2018/H&FWD Dated 16.04.2018** പ്രകാരം **717.29** കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാഹ്യ അടിസ്ഥാന സൗകര്യവികസനം, രോഗികളുടെ പരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ പ്രധാന മേഖലകളിൽ ഊന്നൽ നൽകി കൊണ്ട് മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ആയതിന്റെ ഒന്നാം ഘട്ട |

| | | | |
|---|---|---|---|
| | | | പ്രവർത്തികൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ